REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഐക്യരാഷ്ട്ര പൊതുസഭയുടെ ഭാവിയുടെ ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും. ഇന്ത്യൻ പ്രവാസികൾ രാഷ്ട്ര ദൂതന്മാരാണെന്ന് പ്രധാനമന്ത്രി.**
- **അഗ്നിരക്ഷാ വകുപ്പിന് കീഴിൽ ആരംഭിച്ച സിവിൽ ഡിഫൻസ് ഫോഴ്സിൽ കൂടുതൽ പേരെ അംഗങ്ങളാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **രാജ്യത്തിന്റെ വികസനത്തിൽ സഹകരണമേഖലക്ക് വരും കാലത്ത് ഏറെ പങ്കു വഹിക്കാനുണ്ടെന്ന് കേന്ദ്ര സഹമന്ത്രി B.L. വർമ്മ.**
- **ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട പ്രചാരണം വൈകീട്ട് അവസാനിക്കും. 26 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് മറ്റന്നാൾ.**
- **ലോക ചെസ് ഒളിമ്പ്യാഡിൽ ഇരട്ട സ്വർണവുമായി ചരിത്രം നേടി ഇന്ത്യ.**
- **ISL ഫുട്ബോളിൽ കേരളാ ബ്ലാസ്റ്റേഴ്സിന് ജയം.**

## വാർത്തകൾ വിശദമായി

ഐക്യരാഷ്ട്ര പൊതുസഭയിൽ ഭാവിയുടെ ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും. "ഒരു നല്ല നാളേയ്ക്കു ബഹുമുഖ പരിഹാരങ്ങൾ" എന്ന വിഷയത്തിൽ ഊന്നിയാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

ന്യൂയോർക്കിലെ ലോംഗ് ഐലൻഡിലെ നാസാവു കൊളീസിയത്തിൽ പ്രധാനമന്ത്രി ഇന്നലെ രാത്രി ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്തു.

**ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

ഇന്ത്യൻ പ്രവാസികളെ രാഷ്ട്രദൂതന്മാർ എന്ന് വിളിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി അവർ എന്നും രാജ്യത്തിന്റെ ഏറ്റവും ശക്തമായ ബ്രാൻഡ് അംബാസഡർമാരായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു.

ലോകത്തെ സംബന്ധിച്ച്, AI എന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ സൂചിപ്പിക്കുമ്പോൾ, AI അമേരിക്കൻ - ഇന്ത്യൻ ആത്മാവിനെയും പ്രതിനിധാനം ചെയ്യുന്നുവെന്നാണ് താൻ വിശ്വസിക്കുന്നതെന്നും മോദി പറഞ്ഞു. പല ഭാഷക്കാരാണെങ്കിലും നാമെല്ലാം ഇന്ത്യക്കാരാണ്. ഭാഷകൾ പലതാണെങ്കിലും ഭാവം ഒന്നാണ്. ഇന്ത്യക്കാരാണെന്ന ഒറ്റ ഭാവമാണത്. നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ ശക്തി ഇതാണെന്നും ഈ മൂല്യങ്ങളാണ് നമ്മെ മുന്നോട്ട് നയിക്കുന്നതെന്നും മോദി പറഞ്ഞു. വൈവിധ്യങ്ങളെ മനസ്സിലാക്കുകയും ജീവിക്കുകയും ദൈനംദിന ജീവിതത്തിൽ അത് ഉൾക്കൊള്ളുകയും ചെയ്യുന്നത് ഇന്ത്യൻ സംസ്കാരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

യുഎസിൽ ബോസ്റ്റണിലും ലോസ് ഏഞ്ചൽസിലും രണ്ട് പുതിയ ഇന്ത്യൻ കോൺസുലേറ്റുകൾ തുറക്കുമെന്ന് മോദി പ്രഖ്യാപിച്ചു. ഹൂസ്റ്റൺ സർവ്വകലാശാലയിൽ തിരുവള്ളുവർ ചെയർ ഓഫ് തമിഴ് സ്റ്റഡീസിന്റെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു.

ചടങ്ങിൽ, ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിനു പുഷ്പ് മന്ത്രം പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ഈ അഞ്ച് തൂണുകളും ചേർന്ന് ഒരു വികസിത് ഭാരതം നിർമ്മിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

നൂതന സാങ്കേതികവിദ്യയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാനമന്ത്രി പ്രമുഖ യുഎസ് കമ്പനികളുടെ സിഇഒമാരുമായി വട്ടമേശ ചർച്ച നടത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി പുലർച്ചെ ന്യൂയോർക്കിൽ കുവൈത്ത് കിരീടാവകാശി ഷെയ്ഖ് സബാഹ് അൽ ഖാലിദ് അൽ സബാഹുമായി ഉഭയകക്ഷി ചർച്ച നടത്തി. ഉഭയകക്ഷി ബന്ധങ്ങൾ അവലോകനം ചെയ്ത നേതാക്കൾ ചരിത്രപരമായ ബന്ധങ്ങളും ജനങ്ങളുമായുള്ള ബന്ധങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നതിനു വഴികൾ ചർച്ച ചെയ്തു.

നേപ്പാൾ പ്രധാനമന്ത്രി KP ശർമ ഒലിയുമായും പ്രധാനമന്ത്രി ചർച്ച നടത്തി. ഇന്ത്യ-നേപ്പാൾ പങ്കാളിത്തത്തിന്റെ എല്ലാ മേഖലകളിലും സഹകരണം ശക്തിപ്പെടുത്തുന്ന കാര്യങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്തു.

ഹോൾടെക് ഇന്റർനാഷണലിലെ ഡോ. കൃഷ്ണ സിങ്ങുമായി മോദി കൂടിക്കാഴ്ച നടത്തി. ഇന്ത്യയിൽ ഉൽപ്പാദനം വിപുലീകരിക്കുന്നതിന് ഹോൾടെക്കിന്റെ പദ്ധതികളും ആണവോർജ്ജ മേഖലയിലെ സഹകരണം വർദ്ധിപ്പിക്കുന്നതിനു സാധ്യതകളും ചർച്ചയായി.

✪✪✪

അപകട രക്ഷാപ്രതിരോധ പ്രവർത്തനങ്ങളെ ജനകീയമാക്കുന്നതിനായി അഗ്നിരക്ഷാ വകുപ്പിന് കീഴിൽ ആരംഭിച്ച സിവിൽ ഡിഫൻസ് ഫോഴ്സിൽ കൂടുതൽ പേരെ അംഗങ്ങളാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് അക്കാദമിയിൽ പരിശീലനം പൂർത്തീകരിച്ച 315 പേരുടെ സംയുക്ത പാസിങ് ഔട്ട് പരേഡിൽ തൃശൂരിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ദുരന്തമേഖലകളിൽ സിവിൽ ഡിഫൻസ് വോളണ്ടിയർമാരുടെ പ്രവർത്തനം മാതൃകാപരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 6,200 പേർ വിജയകരമായി പരിശീലനം പൂർത്തിയാക്കി സേവന സജ്ജരായെന്നും ഇവരിൽ നിന്നും തിരഞ്ഞെടുക്കുന്ന 1000 പേർക്ക് പ്രൊഫഷണൽ പരിശീലനം നൽകുന്നത് പരിഗണനയിലാണെന്നും മുഖ്യമന്ത്രി അറിയിച്ചു. രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്ത 3,300 പേരുടെ പ്രത്യേക പരിശീലനം പൂർത്തിയാകുന്നതോടെ അഗ്നിരക്ഷാ സേനയ്ക്ക് കൂടുതൽ സഹായം നൽകാൻ കഴിയുന്ന 10,000 പേരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി വിന്യസിക്കുകയാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്തിന്റെ വികസനത്തിൽ സഹകരണമേഖലക്ക് വരും കാലത്ത് ഏറെ പങ്കു വഹിക്കാനുണ്ടെന്നും ഇക്കാര്യം തിരിച്ചറിഞ്ഞാണ് ഗവൺമെന്റ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതെന്നും കേന്ദ്ര സഹ മന്ത്രി B.L. വർമ്മ പറഞ്ഞു.

ഭാരത് ലെജ്ന മൾട്ടി സ്റ്റേറ്റ് ഹൗസിംഗ് കോ - ഓപറേറ്റീവ് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്തെ അഞ്ചാമത്തെ വികസിത രാജ്യമായി ഇന്ത്യ മാറുമ്പോൾ, ഇക്കാര്യത്തിൽ രാജ്യത്തെ സഹകരണമേഖലയുടെ സംഭാവന ഏറെ ആവശ്യമുള്ള കാലമാണ് വരാനിരിക്കുന്നതെന്നും B.L. വർമ്മ പറഞ്ഞു.

കണ്ണൂർ യൂണിവേഴ്സിറ്റി LLM പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ പ്രകാശ് ബാബുവിനെ കേന്ദ്ര സഹ മന്ത്രി ആദരിച്ചു.

✪✪✪

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമിട്ടാണ് CRCകൾ പ്രവർത്തിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി B.L. വർമ്മ പറഞ്ഞു കേന്ദ്ര സാമൂഹിക നീതി വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാർക്കായി കോഴിക്കോട് പ്രവർത്തിക്കുന്ന കോമ്പോസിറ്റ് റീജണൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് റിഹാബിലിറ്റേഷൻ ആൻഡ് എംപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റി യിൽ ആരംഭിക്കുന്ന കോഴ്സുകൾ , സൗജന്യ PSC കോച്ചിംഗ്, ഓഡിയോളജി റൂം എന്നിവയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ഭിന്നശേഷി മേഖലയിൽ കോഴിക്കോട് CRCയുടെ പ്രവർത്തനങ്ങൾ രാജ്യത്തെ മറ്റു സ്ഥാപനങ്ങൾക്ക് മാതൃക ആണെന്ന് അദ്ദേഹം പറഞ്ഞു.

സ്വച്ഛത ഹി സേവായുടെ ഭാഗമായി സ്വച്ഛതാ പ്രതിജ്ഞ അദ്ദേഹം ചൊല്ലിക്കൊടുത്തു. 'ഏക് പേട് മാം കെ നാം' പദ്ധതിയുടെ ഭാഗമായ വൃക്ഷത്തൈ നടൽ കർമ്മവും കേന്ദ്ര സഹ മന്ത്രി നിർവ്വഹിച്ചു.

✪✪✪

NCC യുടെ സംയുക്ത സംസ്ഥാന പ്രതിനിധികളുടെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജനറൽ സമ്മേളനം കേന്ദ്രസഹമന്ത്രി സഞ്ജയ് സേത്തിന്റ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ചേരും. NCC കേഡറ്റുകളുടെ അംഗസംഖ്യ 17 ലക്ഷത്തിൽ നിന്ന് 20 ലക്ഷമായി ഉയർത്താൻ ലക്ഷ്യമിട്ട് അടുത്തിടെ അംഗീകരിച്ച വിപുലീകരണ പദ്ധതി യോഗം ചർച്ച ചെയ്യും.

കേരളം ഉൾപ്പെടെ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരും പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കും.

✪✪✪

ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട പ്രചാരണം ഇന്ന് അവസാനിക്കും. അഞ്ച് ജില്ലകളിലെ 26 നിയമസഭാ മണ്ഡലങ്ങളിൽ മറ്റന്നാളാണ് വോട്ടെടുപ്പ്.

ജമ്മു മേഖലയിലെ റിയാസി, രജൗരി, പൂഞ്ച്, കശ്മീർ താഴ്‌വരയിലെ ശ്രീനഗർ, ബുദ്ഗാം എന്നിവയാണ് ഈ ജില്ലകൾ. അടുത്ത മാസം ഒന്നിനാണ് അവസാനഘട്ട വോട്ടെടുപ്പ്.

വോട്ടെണ്ണൽ ഒക്ടോബർ എട്ടിന് നടക്കും.

✪✪✪

ഹംഗറിയിലെ ബുഡാപെസ്റ്റിൽ 45-ാമത് ചെസ് ഒളിംപ്യാഡിൽ സുവർണ ചരിത്രമെഴുതി ഇന്ത്യ. ഓപ്പൺ വിഭാഗത്തിലും, വനിതാ വിഭാഗത്തിലും സ്വർണം നേടിയാണ് ഇന്ത്യൻ താരങ്ങൾ രാജ്യത്തിന്റെ അഭിമാനമുയർത്തിയത്.

**ഡെസ്ക് റിപ്പോർട്ട്**

**<AUDIO>**

ചരിത്രത്തിൽ ആദ്യമായാണ് ചെസ് ഒളിംപ്യാഡ് ഓപ്പൺ, വനിതാ വിഭാഗങ്ങളിൽ ടീം ഇന്ത്യ സ്വർണം നേടുന്നത്. ഓപ്പൺ വിഭാഗത്തിൽ 11 റൗണ്ടിൽ പത്തിലും ജയിച്ചും ഒരു മത്സരത്തിൽ സമനില വഴങ്ങിയുമാണ് ഇന്ത്യയുടെ നേട്ടം. അവസാന റൗണ്ടിൽ അർജുൻ എറിഗെയ്സി സ്ലൊവേനിയൻ താരത്തെ തോൽപ്പിച്ചു.

D ഗുകേഷ്, R പ്രഗ്നാനന്ദ എന്നിവരും മറ്റു റൗണ്ടുകളിൽ വിജയിച്ചു. വിദിത് ഗുജറാത്തിയാണ് സമനില വഴങ്ങിയത്.

വനിതാ വിഭാഗത്തിൽ ടീം ഇന്ത്യ 11 മത്സരങ്ങളിൽ ഒൻപതിൽ ജയിക്കുകയും ഒരു മത്സരത്തിൽ സമനില വഴങ്ങുകയും ചെയ്തു. ഒരു മത്സരത്തിൽ പരാജയപ്പെട്ടു. അവസാന റൗണ്ടിൽ അസർബൈജാനെ തോൽപ്പിച്ച് 19 പോയിന്റുമായാണ് ഇന്ത്യൻ ടീം സ്വർണം നേടിയത്. D ഹരിക, ദിവ്യ ദേശ്മുഖ്, വന്തികാ അഗർവാൾ എന്നിവർ ജയിച്ചപ്പോൾ ആർ വൈശാലി സമനില നേടി.

ചെസ്സ് ഒളിമ്പ്യാഡിൽ ഓപ്പൺ, വനിതാ വിഭാഗങ്ങളിൽ സ്വർണം നേടിയ ഇന്ത്യൻ ടീമിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ശ്രദ്ധേയമായ ഈ നേട്ടം രാജ്യത്തിന്റെ കായിക പാതയിലെ പുതിയ അധ്യായത്തെ അടയാളപ്പെടുത്തുന്നുവെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

ISL ഫുട്ബോളിൽ സീസണിലെ ആദ്യ ജയം സ്വന്തമാക്കി കേരള ബ്ലാസ്റ്റേഴ്സ്. കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഈസ്റ്റ് ബംഗാളിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ബ്ലാസ്റ്റേഴ്സ് തോൽപ്പിച്ചത്.

ഇന്ന് മോഹൻ ബഗാൻ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. കൊൽക്കത്തയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഒന്നാം ക്രിക്കറ്റ് ടെസ്റ്റിലെ ടീമിൽ മാറ്റം വരുത്താതെ ബംഗ്ലാദേശിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്, BCCI ടീമിനെ പ്രഖ്യാപിച്ചു. കാൺപൂരിൽ വെള്ളിയാഴ്ചയാണ് മത്സരം ആരംഭിക്കുന്നത്.

ആദ്യ ടെസ്റ്റിന്റെ നാലാം ദിനം 280 റൺസെന്ന കൂറ്റൻ സ്കോറിൽ ബംഗ്ലാദേശിനെ തകർത്ത് രണ്ട് മത്സര പരമ്പരയിൽ ഇന്ത്യ മുന്നിലാണ്.

✪✪✪

ടൂറിസം മേഖലയിൽ ജോലിചെയ്യുന്നവർക്കായി രൂപീകരിക്കുന്ന തൊഴിലാളി ക്ഷേമനിധി ബോർഡിൽ ടൂറിസ്റ്റ് ഗൈഡുകളേയും ഉൾപ്പെടുത്തുമെന്ന് മന്ത്രി P.A. മുഹമ്മദ് റിയാസ് അറിയിച്ചു.

എറണാകുളം ഗസ്റ്റ് ഹൗസിൽ ടൂറിസം ഗൈഡ്സ് അസോസിയേഷൻ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം.

കിറ്റ്സിൽ ഗൈഡുമാർക്കായി നടത്തുന്ന പരിശീലനത്തിൽ വിദേശ ഭാഷകൾകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമെന്നും മന്ത്രി അറിയിച്ചു

✪✪✪

ശനിയാഴ്ച അന്തരിച്ച മുതിർന്ന CPIM നേതാവ് M M ലോറൻസിന്റെ മൃതദേഹം ഇന്ന് എറണാകുളം ഗവണ്മെന്റ് മെഡിക്കൽ കോളേജിന് കൈമാറും.

കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം രാവിലെ എട്ടിന് ഗാന്ധിനഗറിലെ വസതിയിൽ കൊണ്ടുവരും. CPIM ജില്ലാ കമ്മറ്റി ഓഫീസായ കലൂർ ലെനിൻ സെന്ററിൽ അരമണിക്കൂർ പൊതുദർശനത്തിന് വയ്ക്കും. പിന്നീട് ടൗൺഹാളിൽ പൊതുദർശനത്തിന് ശേഷം വൈകിട്ട് നാലിനാണ് മൃതദേഹം മെഡിക്കൽ കോളേജിന് കൈമാറുന്നത്.

മുഖ്യമന്ത്രി പിണറായി വിജയൻ ലോറൻസിന് അന്ത്യോപചാരമർപ്പിക്കാൻ രാവിലെയെത്തും.

✪✪✪

ദേശീയ ചെസ് താരവും സംസ്ഥാന ചെസ് അസോസി യേഷൻ നിവാഹകസമിതി അംഗവുമായ കണ്ണൂർ അന്നൂരിലെ വി.വി.ബാലറാം നിര്യാതനായി. അദ്ദേഹത്തിന് 68 വയസ്സായിരുന്നു.

ചെസ് പരിശീലകനും കണ്ണൂർ ജില്ലാ ചെസ് അസോസിയേഷൻ സെക്രട്ടറിയുമാണ് ബാലറാം. സംസ്കാരം വൈകീട്ട് പയ്യന്നൂർ കേളോത്ത് സമുദായ ശ്മശാനത്തിൽ നടക്കും.

✪✪✪

അർജുൻ അടക്കം മൂന്ന് പേർക്കായി കർണാടകയിലെ ഷിരൂരിൽ നടക്കുന്ന തെരച്ചിലിനിടെ അസ്ഥി കണ്ടെത്തി. ഗംഗാവലി പുഴയോരത്ത് നിന്നാണ് രാത്രിയോടെ അസ്ഥി കണ്ടെത്തിയത്. വിശദമായ പരിശോധനയ്ക്കായി അസ്ഥി ഫോറൻസിക് ലാബിലേക്ക് പൊലീസ് കൊണ്ടുപോയി.

അസ്ഥി ലഭിച്ച കാര്യം തിരച്ചിലിന് നേതൃത്വം നൽകുന്ന സതീഷ് സെയിൽ MLA യും സ്ഥിരീകരിച്ചു.

✪✪✪

തൊടുപുഴ - പാലാ റോഡിലെ കരിങ്കുന്നം പുത്തൻപള്ളിക്ക് സമീപം ബൈക്ക് അപകടത്തിൽ യുവാവ് മരിച്ചു. കരിങ്കുന്നം പൊന്നന്താനത്ത് തടത്തിൽ സന്തോഷ് ആണ് മരിച്ചത്.

✪✪✪

നിപ രോഗബാധയുമായി ബന്ധപ്പെട്ട് പുറത്തു വന്ന മൂന്നു പേരുടെ പരിശോധനാ ഫലം കൂടി നെഗറ്റീവായതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതു വരെ 78 പരിശോധനാ ഫലങ്ങളാണ് നെഗറ്റീവായത്.

മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന അവലോകന യോഗത്തിൽ സ്ഥിതി വിലയിരുത്തി. ഇന്നലെ പുതുതായി ആരെയും സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ സമ്പർക്കപ്പട്ടികയിൽ 267 പേരുണ്ട്. രോഗലക്ഷണങ്ങളുമായി ഇന്നലെ ഒരാളെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

നാലു പേർ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലും 28 പേർ പെരിന്തൽമണ്ണ MES മെഡിക്കൽ കോളേജ് ആശുപത്രിയിലും ചികിത്സയിലാണ്.

✪✪✪

തീവ്ര കാഴ്ചപരിമിതരായ ഗവൺമെന്റ് ജീവനക്കാർക്ക് അവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം IMGയുടെ നേതൃത്വത്തിൽ കപ്പാസിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പേരിൽ അഞ്ചുദിവസത്തെ പരിശീലന പരിപാടി ഇന്ന് ആരംഭിക്കും .

വെള്ളിയാഴ്ച  വരെ IMG യിൽ നടക്കുന്ന പരിപാടിയിൽ വിവിധ ഗവൺമെന്റ് വകുപ്പുകളിലെ  കാഴ്ച പരിമിതരായ ഉദ്യോഗസ്ഥർ പങ്കെടുക്കും.

സാങ്കേതികവിദ്യയുടെ സഹായത്തോടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുകയും, തൊഴിലിടങ്ങളിൽ കാഴ്ചപരിമിതർക്ക് ആത്മവിശ്വാസത്തോടെയും അഭിമാനത്തോടെയും മറ്റുള്ളവർക്കൊപ്പം തൊഴിലെടുക്കാൻ  അവസരം ഒരുക്കുകയും ലക്ഷ്യമിട്ടാണ് പരിശീലനപരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

आकाशवाणी